"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ -തൃശൂർ ശ്രീ കേരളവർമ്മ കോളേജിൽ 12-07-2018 ലെ സ.ഉ. (കൈ)നം. 164/2018/ഉ.വി.വ ഉത്തരവ് പ്രകാരം പുതിയ കോഴ്സുകൾ അനുവദിയ്ക്കപ്പെട്ടതിനെ തുടർന്ന് 2018-2019 അദ്ധ്യയന വർഷം മുതൽ 2022-2023 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ച അതിഥി അദ്ധ്യാപകർക്ക് നൽകേണ്ട ശമ്പളം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു

ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(കൈ) നം.51/2025/HEDN തീയതി,തിരുവനന്തപുരം, 24-01-2025

പരാമർശം:- 1. 12.07.2018 ലെ സ.ഉ.(കൈ)നം. 164/2018/ഉ.വി.വ.

2. 21.09.2020, 09.08.2021, 01.06.2023, 19.10.2023, 21.10.2023 തീയതികളിലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഡി3/5561/2020/കോ.വി.വ. നമ്പർ കത്തുകൾ.

3. 18.03.2022-ലെ കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ കത്ത്

4. കേരളവർമ്മ കോളേജ് പ്രിൻസിപ്പലിന്റെ 12.12.2023-ലെ ജി5-417/2019 നമ്പർ കത്ത്

5. 12.07.2024, 29.07.2024 തീയതികളിലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഡി3/786/2024/കോ.വി.വ. നമ്പർ കത്ത്

6. 08.10.2024-ലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഡി3/3710/2024/കോ.വി.വ. നമ്പർ കത്ത്

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം കേരളത്തിലെ വിവിധ സർക്കാർ/ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഒൻപത് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളും, ശ്രീ കേരളവർമ്മ കോളേജിൽ എം.എ. (സംസ്കൃതം), എം.എസ്.സി. (സുവോളജി) എന്നീ കോഴ്സുകളും ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ടി കോഴ്സുകൾ നിലവിലെ ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തിയും, അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെയും 2018-2019 അക്കാദമിക് വർഷത്തിൽ ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്.

2. 2018-ലെ പോസ്റ്റ് അദാലത്ത് പ്രകാരം ശ്രീ കേരളവർമ്മ കോളേജിൽ എം.എ. (സംസ്കൃതം), എം.എസ്.സി. (സുവോളജി) എന്നീ കോഴ്സുകൾക്ക് ജോലിഭാരം അനുവദിച്ചിരുന്നില്ല. എന്നാൽ പരാമർശം (1) ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെ ശ്രീ കേരളവർമ്മ കോളേജിൽ അതിഥി അദ്ധ്യാപകരെ നിയമിക്കുകയാണുണ്ടായത്. തുടർന്ന് അപ്രകാരം നിയമിക്കപ്പെട്ട അതിഥി അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ഉപദേശം തേടുകയുണ്ടായി.

3. പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് കോളേജുകളിൽ

ജോലി നോക്കിയ ഗസ്റ്റ് അദ്ധ്യാപകർക്കെല്ലാം വേതനം നൽകിയിട്ടുണ്ടെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി. മറ്റ് കോളേജുകൾ എല്ലാം ഗവൺമെന്റ് കോളേജുകളായിരിന്നു. പ്രസ്തുത ഉത്തരവിലെ ഏക എയ്ഡഡ് കോളേജായ കേരളവർമ്മ കോളേജിലെ അതിഥി അദ്ധ്യാപകർക്ക് വേതനം നൽകുന്നത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ടി സ്റ്റേറ്റ്മെന്റ് പ്രകാരം അതിഥി അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് ആവശ്യമായ തുക 66,09,650/- (അറുപത്തി ആറ് ലക്ഷത്തി ഒൻപതിനായിരത്തി അറുന്നൂറ്റി അൻപത് രൂപ മാത്രം) ആണെന്ന് സൂചിപ്പിച്ചിരിന്നു. എന്നാൽ ടി തുക കോളേജ് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെയോ, ഡയറക്ടറുടെയോ റിപ്പോർട്ടിൽ വ്യക്തമായി ശിപാർശ ചെയ്തിരുന്നില്ല. മേൽ സാഹചര്യത്തിൽ ടി സ്റ്റേറ്റ്മെന്റ് കൗണ്ടർസൈൻ ചെയ്ത് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി.

4. എന്നാൽ പരാമർശം (5) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ 2018-2019 മുതൽ 2022-2023 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ച അതിഥി അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകേണ്ട ആകെ തുക (50,53,900/- + 21,000/-) 50,74,900/- (അൻപത് ലക്ഷത്തി എഴുപത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) ആണെന്ന് അറിയിച്ചതോടൊപ്പം ടി തുകകൾ പരിശോധിച്ച് വർഷം തിരിച്ച് തൃശൂർ കോളേജ് വിദ്യാഭ്യാസ ഉപ ഡയറക്ടർ വേതന പട്ടികയിൽ കൗണ്ടർസൈൻ ചെയ്തും ലഭ്യമാക്കുകയുണ്ടായി.

5. പരാമർശം (1) ഉത്തരവ് പ്രകാരം ഏതൊക്കെ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചെന്നും, അവയിൽ എത്ര ഗസ്റ്റ് അദ്ധ്യാപകരെ വീതം നിയമിച്ചെന്നും, ഓരോ കോളേജിലും അവർക്കുള്ള ശമ്പളം എങ്ങിനെയാണ് നൽകിയതെന്നും, എത്ര തുകവീതം നൽകിയെന്നും, ശമ്പളം നൽകാത്ത ഏതൊക്കെ കോളേജുകൾ അവശേഷിക്കുണ്ടെന്നുമുള്ള വിശദാംശങ്ങൾ, ശമ്പളം അനുവദിച്ചത് സർക്കാർ ഉത്തരവ് പ്രകാരമാണെങ്കിൽ അതിന്റെ വിശദാംശങ്ങളും, അല്ലെങ്കിൽ സ്വീകരിച്ച മാനദണ്ഡമെന്താണെന്നും, സംസ്ഥാനത്ത് ആകെ എത്ര ഇത്തരത്തിലുള്ള അദ്ധ്യാപകരുണ്ടെന്നും അറിയിക്കുവാൻ ഡയറക്ടറോട് ആവശ്യപ്പെട്ടതിന് മറുപടിയായി അതിഥി അദ്ധ്യാപകരുടെ വേതനം നിശ്ചയിച്ച 04.07.2018-ലെ സ.ഉ.(സാധാ) നം. 1293/2018/ഉവിവ ഉത്തരവ് പ്രകാരമാണ് ടി വിഷയവുമായി ബന്ധപ്പെട്ട സർക്കാർ കോളേജുകളിലെ അതിഥി അദ്ധ്യാപകർക്ക് വേതനം അനുവദിച്ച് നൽകുന്നത് എന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം അറിയിക്കുകയുണ്ടായി. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ കോളേജുകളിൽ സേവനമനുഷ്ഠിച്ച അതിഥി അദ്ധ്യാപകരിൽ ആർക്കും തന്നെ വേതനം ലഭിക്കാനില്ലായെന്നും അറിയിക്കുകയുണ്ടായി.

6. സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. തൃശൂർ ശ്രീ കേരളവർമ്മ കോളേജിൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പുതിയ കോഴ്സുകൾ അനുവദിയ്ക്കപ്പെട്ടതിനെ തുടർന്ന് 2018-2019 അദ്ധ്യയന വർഷം മുതൽ 2022-2023 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ച അതിഥി അദ്ധ്യാപകർക്ക് നൽകേണ്ട ശമ്പള തുകയായ 50,74,900/- (അൻപത് ലക്ഷത്തി എഴുപത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) അനുവദിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിനി .ജെ .ഷുക്കൂർ
അഡിഷണൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
കോളേജ് വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശൂർ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്)കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ, ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ
കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ്, റൗണ്ട് നോർത്ത്, തൃശൂർ - 680001
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നമ്പർ 2644 പ്രകാരം തീയതി - 22.01.2025)
ധനകാര്യവകുപ്പ്
ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് (11.12.2022-ലെ 2128602-ബി3/227/2022/ഉവിവ പ്രകാരം)
ഐ & പി ആർ ഡി (വെബ് & ന്യൂ മീഡിയ)(ക്യാബിനറ്റ് കുറിപ്പ് സഹിതം)
www.highereducation.kerala.gov.in
കരുതൽ പകർപ്പ് (D2/275/2020/HEdn)
പകർപ്പ്
ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by
Rahmathunnisa Chenatukuzhiyan
അസിസ്റ്റന്റ് സെക്രട്ടറി
Date: 24-01-2025 16:04:36

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 22-01-2025

ഫയൽ നം. ഡി2/275/2020/ഉ.വി.വ. ഇനം നം: 2644

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - തൃശ്ശൂർ ശ്രീ കേരളവർമ്മ കോളേജിൽ 12.07.2018-ലെ സ.ഉ.(കൈ) നം.164/2018/ഉ.വി.വ. ഉത്തരവ് പ്രകാരം കോഴ്സുകൾ അനുവദിയ്ക്കപ്പെട്ടതിനെ തുടർന്ന് 2018-2019 അദ്ധ്യയന വർഷം മുതൽ 2022-2023 വരെയുള്ള കാലയളവിൽ സേവനമനുഷ്ടിച്ച അതിഥി അദ്ധ്യാപകർക്ക് ശമ്പളം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) മാത്രം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

23/1

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. ഫയൽ നമ്പർ : ഡി2/275/2020/ഉ.വി.വ.
2. വകുപ്പ് : ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്
3. വിഷയം : തൃശൂർ ശ്രീ കേരളവർമ്മ കോളേജിൽ 12-07-2018 ലെ സ.ഉ. (കൈ)നം. 164/2018/ഉ.വി.വ ഉത്തരവ് പ്രകാരം കോഴ്സുകൾ അനുവദിക്കപ്പെട്ടതിനെ തുടർന്ന് 2018-2019 അദ്ധ്യയന വർഷം മുതൽ 2022-2023 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ച അതിഥി അദ്ധ്യാപകർക്ക് ശമ്പളം അനുവദിക്കുന്നത് - സംബന്ധിച്ച്
4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി : 19.11.2024
5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? : ഉണ്ട്
   (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ : ഉണ്ട്
6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ : ഇല്ല
7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് : ശ്രീമതി സിനി ജെ. ഷുക്കൂർ
8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് : ശ്രീമതി. ഇഷിത റോയ്
9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി : 05.12.2024
10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് : ശ്രീമതി. ശാരദ മുരളീധരൻ
11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി : 15.01.2025
12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് : ഡോ. ആർ. ബിന്ദു
13. മന്ത്രിസഭയ്ക്കുള്ള കരട് മന്ത്രി അംഗീകരിച്ച തീയതി : 17.01.2025
14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി : 20.01.2025
15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി :
16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും. :

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ശ്രീ കേരളവർമ്മ കോളേജിൽ 12.07.2018-ലെ GO(Ms)No.164/2018/H.Edn ഉത്തരവ് പ്രകാരം അനുവദിച്ച എം.എ.(സംസ്കൃതം), എം.എസ്.സി. (സുവോളജി) എന്നീ കോഴ്സുകൾക്ക് 2018-2019 അദ്ധ്യയന വർഷം മുതൽ 2022-2023 വരെ നിയമനം നൽകിയ അതിഥി അദ്ധ്യാപകർക്ക് ശമ്പളം അനുവദിക്കുന്നതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2. 12.07.2018-ലെ GO(Ms)No.164/2018/H.Edn ഉത്തരവ് പ്രകാരം കേരളത്തിലെ വിവിധ സർക്കാർ/ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഒൻപത് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളും, ശ്രീ കേരളവർമ്മ കോളേജിൽ എം.എ. (സംസ്കൃതം), എം.എസ്.സി. (സുവോളജി) എന്നീ കോഴ്സുകളും ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ടി കോഴ്സുകൾ നിലവിലെ ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തിയും, അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെയും 2018-2019 അക്കാദമിക് വർഷത്തിൽ ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്.

3. 2018-ലെ പോസ്റ്റ് അദാലത്ത് പ്രകാരം ശ്രീ കേരളവർമ്മ കോളേജിൽ എം.എ. (സംസ്കൃതം), എം.എസ്.സി. (സുവോളജി) എന്നീ കോഴ്സുകൾക്ക് ജോലിഭാരം അനുവദിച്ചിരുന്നില്ല. എന്നാൽ 12.07.2018 GO(Ms)No.164/2018/H.Edn ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെ ശ്രീ കേരളവർമ്മ കോളേജിൽ അതിഥി അദ്ധ്യാപകരെ നിയമിക്കുകയാണുണ്ടായത്. തുടർന്ന് അപ്രകാരം നിയമിക്കപ്പെട്ട അതിഥി അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഉപദേശം തേടുകയുണ്ടായി.

4. ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് ടി വിഷയത്തിൽ താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

"28.11.2012-ലെ സ.ഉ.(അ)നം. 602/2012/ഉവിവ-ൽ (റഫറൻസ് കണ്ടാലും)

നിഷ്കർഷിച്ചിട്ടുള്ളതനുസരിച്ച് വർക്ക് ലോഡിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് തൃശൂർ ശ്രീ കേരള വർമ്മ കോളേജിലെ എട്ട് അതിഥി അദ്ധ്യാപകരുടെ (സംസ്കൃതത്തിലും സുവോളജിയിലും നാല് വീതം) നിയമനം justify ചെയ്യാവുന്നതാണോ എന്നത് പ്രിൻസിപ്പാൾ/ ഉപ ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും അതിഥി അദ്ധ്യാപക നിയമനം സാധൂകരിക്കുന്ന പക്ഷം വേതനം മാനേജ്മെന്റ് നൽകേണ്ടതാണെന്നും ധനവകുപ്പ് അറിയിച്ചിട്ടുണ്ട് എന്നറിയിക്കുന്നു."

5. തുടർന്ന് ടി വിഷയത്തിൽ ഉത്തരവിനായി ചംക്രമണം ചെയ്തപ്പോൾ ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഫയൽ ബഹു മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയുണ്ടായി.

"കേരളവർമ്മ കോളജിൽ 2018-ൽ അനുവദിച്ച എം.എ. (സംസ്കൃതം), എം. എസ്. സി (സുവോളജി) എന്നീ കോഴ്സുകൾക്ക് ആവശ്യമായ 8 അതിഥി അദ്ധ്യാപകരുടെ ശമ്പളം സർക്കാർ നൽകുന്നതാണ് അഭികാമ്യം. ഈ വിഷയത്തിൽ ധനകാര്യവകുപ്പിന്റെ എതിർപ്പ് മറികടന്നുകൊണ്ട് 8 അതിഥി അദ്ധ്യാപകരുടെ ശമ്പളം അനുവദിയ്ക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുന്നു."

6. ബഹു മുഖ്യമന്ത്രി താഴെപ്പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

"സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര അധ്യാപകരുണ്ടെന്ന് കോളേജ് അടിസ്ഥാനത്തിൽ വിവരം ശേഖരിച്ചു അടിയന്തിരമായി സമർപ്പിക്കുക."

7. GO(Ms)No.164/2018/H.Edn dated 12.07.2018 ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് കോളേജുകളിൽ ജോലി നോക്കിയ ഗസ്റ്റ് അദ്ധ്യാപകർക്കെല്ലാം വേതനം നൽകിയിട്ടുണ്ടെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു. മറ്റ് കോളേജുകൾ എല്ലാം ഗവൺമെന്റ് കോളേജുകളായിരിന്നു. പ്രസ്തുത ഉത്തരവിലെ ഏക എയ്ഡഡ് കോളേജായ കേരളവർമ്മ കോളേജിലെ അതിഥി

അദ്ധ്യാപകർക്ക് വേതനം നൽകുന്നത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുകയുണ്ടായി. ടി സ്റ്റേറ്റ്മെന്റ് പ്രകാരം 8 അതിഥി അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് ആവശ്യമായ തുക 66,09,650/- (അറുപത്തി ആറ് ലക്ഷത്തി ഒൻപതിനായിരത്തി അറുന്നൂറ്റി അൻപത് രൂപ മാത്രം) ആണെന്ന് സൂചിപ്പിച്ചിരിന്നു. എന്നാൽ ടി തുക കോളേജ് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെയോ, ഡയറക്ടറുടെയോ റിപ്പോർട്ടിൽ വ്യക്തമായി ശിപാർശ ചെയ്തിരുന്നില്ല. മേൽ സാഹചര്യത്തിൽ ടി സ്റ്റേറ്റ്മെന്റ് ഡയറക്ടർ കൗണ്ടർസൈൻ ചെയ്ത് സമർപ്പിക്കുന്നതിന് ആവശ്യപ്പെടുകയുണ്ടായി.

8. ശ്രീ കേരളവർമ്മ കോളേജിലെ പ്രിൻസിപ്പൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 8 അതിഥി അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് ആവശ്യമായ തുക 66,09,650/- (അറുപത്തി ആറ് ലക്ഷത്തി ഒൻപതിനായിരത്തി അറുന്നൂറ്റി അൻപത് രൂപ മാത്രം) എന്നാണ് സൂചിപ്പിച്ചിരുന്നത്. എന്നാൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ 2018-2019 മുതൽ 2022-2023 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ച അതിഥി അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകേണ്ട ആകെ തുക (50,53,900/- + 21,000/-) 50,74,900/- (അൻപത് ലക്ഷത്തി എഴുപത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) ആണെന്ന് അറിയിച്ചിരിക്കുന്നുതോടൊപ്പം ടി തുകകൾ പരിശോധിച്ച് വർഷം തിരിച്ച് തൃശൂർ കോളേജ് വിദ്യാഭ്യാസ ഉപ ഡയറക്ടർ വേതന പട്ടികയിൽ കൗണ്ടർസൈൻ ചെയ്തും ലഭ്യമാക്കിയിരിക്കുകയാണ്.

9. മേൽ സാഹചര്യത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശ്രീ കേരളവർമ്മ കോളേജിൽ 2018-2019 മുതൽ 2022-2023 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ച അതിഥി അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകേണ്ട ആകെ തുക എന്നറിയിച്ചിരിക്കുന്ന 50,74,900/- (അൻപത് ലക്ഷത്തി എഴുപത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) ധനകാര്യവകുപ്പിന്റെ എതിർപ്പ് മറികടന്നു കൊണ്ട് അനുവദിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുഖാന്തരം

ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ താഴെപ്പറയും ഉത്തരവിടുകയുണ്ടായി.

"സംസ്ഥാനത്ത് കോളേജ് അടിസ്ഥാനത്തിൽ ഗസ്റ്റ് അദ്ധ്യാപകർ എത്രയുണ്ടെന്ന വിവരം ശേഖരിച്ച് സമർപ്പിക്കുന്നതിനാണ് 27..02..2023-ന് ഉത്തരവ് നൽകിയത്. എന്നാൽ കേരള വർമ്മ കോളേജിലെ വിവരം മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. മറ്റെല്ലാം സർക്കാർ കോളേജുകളാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

2018-ലെ ഉത്തരവ് പ്രകാരം ഏതൊക്കെ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചെന്നും, അവയിൽ എത്ര ഗസ്റ്റ് അദ്ധ്യാപകരെ വീതം നിയമിച്ചെന്നും, ഓരോ കോളേജിലും അവർക്കുള്ള ശമ്പളം എങ്ങിനെയാണ് നൽകിയതെന്നും, എത്ര തുകവീതം നൽകിയെന്നും, ശമ്പളം നൽകാത്ത ഏതൊക്കെ കോളേജുകൾ അവശേഷിക്കുണ്ടെന്നുമുള്ള വിശദാംശങ്ങൾ അടിയന്തിരമായി സമർപ്പിക്കുക. ശമ്പളം അനുവദിച്ചത് സർക്കാർ ഉത്തരവ് പ്രകാരമാണെങ്കിൽ അതിന്റെ വിശദാംശങ്ങളും, അല്ലെങ്കിൽ സ്വീകരിച്ച മാനദണ്ഡമെന്താണെന്നും അറിയിക്കുക. സംസ്ഥാനത്ത് ആകെ എത്ര ഇത്തരത്തിലുള്ള അദ്ധ്യാപകരുണ്ടെന്നും അറിയിക്കുക."

10. അതിഥി അദ്ധ്യാപകരുടെ വേതനം നിശ്ചയിച്ച ഉത്തരവ് പ്രകാരമാണ് ടി വിഷയവുമായി ബന്ധപ്പെട്ട സർക്കാർ കോളേജുകളിലെ അതിഥി അദ്ധ്യാപകർക്ക് വേതനം അനുവദിച്ച് നൽകുന്നത് എന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയുണ്ടായി. 12.07.2018-ലെ സ.ഉ.(കൈ) നം.164/2018/ഉവിവ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ കോളേജുകളിൽ സേവനമനുഷ്ഠിച്ച അതിഥി അദ്ധ്യാപകരിൽ ആർക്കും തന്നെ വേതനം ലഭിക്കാനില്ലായെന്നും സൂചിപ്പിച്ചിരിക്കുന്നു.

11. തുടർന്ന് ടി വിഷയത്തിൽ ഉത്തരവിനായി ചംക്രമണം ചെയ്തപ്പോൾ ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി താഴെപ്പറയും പ്രകാരം ഉത്തരവിനായി ഫയൽ ബഹു മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചു.

"12-07-2018-ലെ സ.ഉ.(കൈ)നം.164/2018/ഉ.വി.വ. ഉത്തരവ് പ്രകാരം കോഴ്സുകൾ അനുവദിയ്ക്കപ്പെട്ട 10 സർക്കാർ കോളേജുകളിൽ നിയമിക്കപ്പെട്ട അതിഥി അദ്ധ്യാപകർ, നൽകിയ വേതനം എന്നിവ സംബന്ധിച്ച വിവരങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയത് കണ്ടാലും. കേരളവർമ്മ കോളേജിൽ നിയമിക്കപ്പെട്ട അതിഥി അദ്ധ്യാപകരൊഴികെ എല്ലാവരും വേതനം കൈപ്പറ്റിയതായിക്കാണുന്നു. മേൽ സാഹചര്യത്തിൽ കേരളവർമ്മ കോളേജിൽ അനുവദിച്ച എം.എ. സംസ്കൃതം, എം.എസ്.സി സുവോളജി എന്നീ കോഴ്സുകൾ പഠിപ്പിയ്ക്കുന്നതിന് നിയമിക്കപ്പെട്ട അതിഥി അദ്ധ്യാപകർക്ക് വേതനം നൽകുന്നത് നീതിയുക്തമായിരിയ്ക്കും. ബഹു. മുഖ്യമന്ത്രി കണ്ടാലും."

12. ബഹു. മുഖ്യമന്ത്രി താഴെപ്പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

1). മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുക.

2).സമാന സ്ഥിതിയിലുള്ള മറ്റു കോളേജുകൾക്ക് വേതനം നിഷേധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.

തീരുമാനമെടുക്കേണ്ട വിഷയങ്ങൾ

1. തൃശൂർ ശ്രീ കേരളവർമ്മ കോളേജിൽ 12-07-2018 ലെ സ.ഉ. (കൈ)നം. 164/2018/ഉ.വി.വ ഉത്തരവ് പ്രകാരം പുതിയ കോഴ്സുകൾ അനുവദിയ്ക്കപ്പെട്ടതിനെ തുടർന്ന് 2018-2019 അദ്ധ്യയന വർഷം മുതൽ 2022-2023 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ച അതിഥി അദ്ധ്യാപകർക്ക് നൽകേണ്ട ശമ്പള തുകയായ 50,74,900/- (അൻപത് ലക്ഷത്തി എഴുപത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്നു കൊണ്ട് അനുവദിച്ചു നൽകാമോ?

2. നിലവിൽ തുടർന്നു വരുന്ന ഈ കോഴ്സുകളിലേയ്ക്ക് അതിഥി അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകാമോ ?

3. 2023 മുതൽ നടത്തിയ നിയമനങ്ങൾ സാധൂകരിക്കാമോ ?

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കേരളത്തിലെ സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ(ബി) വകുപ്പ്

സ.ഉ.(കൈ) നം.164/2018/ഉ.വി.വ തീയതി,തിരുവനന്തപുരം, 12/07/2018

പരാർശം- 1.കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 14.02.2017 ലെ പി / 2 9 5 2 8 /2016/കോ.വി.വ നമ്പർ കത്ത്

2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 22/2//2017 ലെ ഡി5/40762/2016/കോ.വി.വ നമ്പർ കത്ത്.

3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 16.09.2017 ലെ പി/5898/2017/കോ.വി.വ നമ്പർ കത്ത്.

ഉത്തരവ്

ഉന്നത വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുക എന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ പരാമർശിത റിപ്പോർട്ടുകൾ സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തെ, താഴെ പറയുന്ന സർക്കാർ/ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന പുതിയ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ നിലവിലെ ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തിയും, അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കിയും 2018-19 അക്കാദമിക വർഷത്തിൽ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമ നം.	കോളേജിന്റെ പേര്	അനുവദിച്ച കോഴ്സ്
1	ഗവ. കോളേജ്, ചിറ്റൂർ	എം.എസ്സ് മാത്സ്, എം.എസ്സ് രസതന്ത്രം
2	ഗവ. കോളേജ്, പാറശ്ശാല	ബി.എസ്.സി ഫിസിക്സ്, എം.കോം ഫിനാൻസ്.
3	ഗവ. കോളേജ്, ആറ്റിങ്ങൽ	ബി.എസ്.സി മാത്സ്, എം.എ ഇംഗ്ലീഷ്.
4	ഗവ. കോളേജ്, കാഞ്ഞിരംകുളം	എം.കോം.
5	ഗവ. കോളേജ്, ഗൂഡല്ലൂർ	ബി.എസ്.സി കെമിസ്ട്രി, എം.കോം.
6	ഗവ. കോളേജ്, പേരാമ്പ്ര	ബി.എ ഇംഗ്ലീഷ്, എം. കോം ഫിനാൻസ്, എം.എസ്.സി മാത്സ്
7	ഗവ. കോളേജ്, പാലക്കാട്	ബി.എസ്.സി ഫിസിക്സ്, എം.എ മലയാളം.
8	ഗവ. കോളേജ്, തൃശ്ശൂർ	എം.എസ്.സി സൈക്കോളജി, ബി.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്
9	ഗവ.ആർട്സ് സ്പോർട്സ് കോളേജ്,അമ്പലപ്പുഴ	എം.എ ഇംഗ്ലീഷ്, എം. കോം ഫിനാൻസ്
10	ഗവ. വിമോറിയ കോളേജ്,പാലക്കാട്	എം.എ.മലയാളം
11	ശ്രീ കേരള വർമ്മ കോളേജ്, തൃശ്ശൂർ (എയ്ഡഡ്)	എം.എ സംസ്കൃതം. എം.എസ്.സി സുവോളജി.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം.സി.രമേഷ് കുമാർ
അഡീഷണൽ സെക്രട്ടറി

പകർപ്പുകൾ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
മലയാളം സെക്രട്ടറി വകുപ്പുകൾക്ക്, കോളേജ് വിദ്യാഭ്യാസ വകുപ്പ്
രജിസ്ട്രാർ, കേരള / എം.ജി/ കോഴിക്കോട്/ കണ്ണൂർ സർവ്വകലാശാലകൾ.
സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ്),കേരളം,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ,(എ & ഇ),കേരളം,തിരുവനന്തപുരം.

ഉച്ചതര വിദ്യാഭ്യാസ (സി.ഡി.എം.എ) വകുപ്പ്

http://higheredcationkerala.gov.in/